<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4106**</u> <u>**27-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമങ്ങളിലടക്കം വർദ്ധിച്ചുവരുന്ന കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | ലഹരി മരുന്ന് കേസുകൾ കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും, പ്രാദേശിക തലത്തിൽ രഹസ്യവിവരശേഖരണം നടത്തുന്നതിനായി ഇന്റലിജൻസ് വിഭാഗവും, ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്/ബോർഡർ പട്രോൾ/ഹൈവേ പട്രോൾ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലുമുള്ള ജനകീയ കമ്മിറ്റികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖേന ലഭിക്കുന്ന പരാതികളിലും, രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലും, മയക്കുമരുന്നുകളുടെ പ്രാദേശികമായ കച്ചവടം തടയുന്നതിനുള്ള ശക്തവും, കാര്യക്ഷമവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. മുൻ കുറ്റവാളികളെ പ്രത്യേകമായി നിരീക്ഷണം നടത്തിയും, സാമൂഹിക പിൻതുണയോടെയുള്ള വിവരശേഖരണം നടത്തിയും, ഗ്രാമങ്ങളിലെ മയക്കുമരുന്ന് കച്ചവടം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. |
| (ബി) | ലഹരി വസ്തുക്കളുടെ കച്ചവടവും ഉപയോഗവും തടയുന്നതിന് എക്സൈസ് വകുപ്പിനെ കൂടുതൽ സുസജ്ജവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ലഹരി ഉപയോഗം തടയുന്നതിനായി സംസ്ഥാനതല സ്ക്വാഡും, മൂന്ന് മേഖലകളിലുമായി മേഖലാ സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. വിവര കൈമാറ്റം വേഗത്തിലും കാര്യക്ഷമവും ആക്കുന്നതിനായി വയർലസ് സംവിധാനം പാലക്കാട്, എറണാകുളം ജില്ലകളിൽ നടപ്പിലാക്കുകയും, ആലപ്പുഴ ജില്ലയിൽ നിർവ്വഹണം അന്തിമഘട്ടത്തിലുമാണ്. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയും, പ്രധാന ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിച്ചും ലഹരി |

| | | | |
|---|---|---|---|
| | | | വസ്തുക്കളുടെ ഉപയോഗവും, കച്ചവടവും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓഫീസർമാർക്ക് റിവോൾവർ/പിസ്റ്റൾ നൽകിയിട്ടുണ്ട്. ലഹരിമരുന്ന് ഉപയോഗം കണ്ടുപിടിക്കുന്നതിന് പ്രത്യേക ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്. കാലഹരണപ്പെട്ട വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ നൽകിയിട്ടുണ്ട്. കേസന്വേഷണം കാര്യക്ഷമമാക്കുന്നതിന് എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ